**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2518** **12-10-2021 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന വികസന ഫണ്ടായി അനുവദിച്ചിരുന്ന തുക വിനിയോഗിക്കുന്നതിൽ സംഘങ്ങൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സർക്കാർ അംഗീകരിച്ച പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. വകുപ്പ് തലത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരോ ടെക്നിക്കൽ വിഭാഗമോ നിലവിലില്ലാത്തതിനാൽ കയർ സഹകരണ സംഘങ്ങൾ പ്രൈസ് സോഫ്റ്റ് വെയറുള്ള വകുപ്പുകളെയോ അംഗീകൃത ഏജൻസികളെയോ സമീപിച്ചാണ് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നത്. ഇപ്രകാരം സർക്കാർ അംഗീകാരം ലഭിക്കുന്ന പ്രവൃത്തികൾ നിർവഹിക്കുന്നത് ഇ-ടെൻഡറിലൂടെയാണ്. ഇ-ടെൻഡർ ചെയ്ത ശേഷം ടെക്നിക്കൽ സാങ്ഷൻ നൽകുന്നതിനോ, ചെക്ക് മെഷർമെന്റ് എടുക്കുന്നതിനോ, ബില്ലുകൾ പരിശോധിച്ച് നൽകേണ്ട തുക നിശ്ചയിക്കുന്നതിനോ, കയർ വികസന വകുപ്പിൽ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥ വിഭാഗമില്ലാത്ത സാഹചര്യത്തിൽ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ സ.ഉ(സാ.ധാ)നം.190/20/വ്യവ തീയതി.29.02.2020 പ്രകാരം നോൺ പി.എം.സി ഏജൻസിയായി നിശ്ചയിച്ചിരുന്നു . ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന സർക്കാർ മാനദണ്ഡപ്രകാരം കയർ വികസന ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുള്ള എഞ്ചിനീയർമാർ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി പ്ലാനും എസ്റ്റിമേറ്റും വിലയിരുത്തുകയും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി അംഗീകാരം വാങ്ങുകയും ടെക്നിക്കൽ സാങ്ഷനോടുകൂടി മുൻഗണനാ ക്രമത്തിൽ പ്രവർത്തികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. |
| (ബി) | ഇക്കാര്യത്തിൽ എന്ത് സാങ്കേതിക തടസ്സമാണ് നിലവിലുള്ളതെന്നും ഇത് തരണം ചെയ്യുന്നതിന് | (ബി) | കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സർക്കാർ അംഗീകരിച്ച പ്രൈസ് |

| | | | |
|---|---|---|---|
| | സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | | സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. വകുപ്പ് തലത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരോ ടെക്നിക്കൽ വിഭാഗമോ നിലവിലില്ലാത്തതിനാൽ കയർ സഹകരണ സംഘങ്ങൾ പ്രൈസ് സോഫ്റ്റ് വെയറുള്ള വകുപ്പുകളെയോ അംഗീകൃത ഏജൻസികളെയോ സമീപിച്ചാണ് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നത്. ഇപ്രകാരം സർക്കാർ അംഗീകാരം ലഭിക്കുന്ന പ്രവൃത്തികൾ നിർവഹിക്കുന്നത് ഇ-ടെൻഡറിലൂടെയാണ്. ഇ-ടെൻഡർ ചെയ്ത ശേഷം ടെക്നിക്കൽ സാങ്ഷൻ നൽകുന്നതിനോ, ചെക്ക് മെഷർമെന്റ് എടുക്കുന്നതിനോ, ബില്ലുകൾ പരിശോധിച്ച് നൽകേണ്ട തുക നിശ്ചയിക്കുന്നതിനോ, കയർ വികസന വകുപ്പിൽ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥ വിഭാഗമില്ലാത്ത സാഹചര്യത്തിൽ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ സ.ഉ(സാ.ധാ)നം.190/20/വ്യവ തീയതി.29.02.2020 പ്രകാരം നോൺ പി.എം.സി ഏജൻസിയായി നിശ്ചയിച്ചിരുന്നു . ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന സർക്കാർ മാനദണ്ഡപ്രകാരം കയർ വികസന ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുള്ള എഞ്ചിനീയർമാർ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി പ്ലാനും എസ്റ്റിമേറ്റും വിലയിരുത്തുകയും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി അംഗീകാരം വാങ്ങുകയും ടെക്നിക്കൽ സാങ്ഷനോടുകൂടി മുൻഗണനാ ക്രമത്തിൽ പ്രവർത്തികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ